വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ

10 [3597] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

കെ.ടി.ഡി.സി.-യുടെ കീഴിലെ ആരാം മോട്ടലുകൾ

11 [3598] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.ടി.ഡി.സി.-യുടെ കീഴിൽ എത്ര ആരാം മോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്രയെണ്ണം കെ.ടി.ഡി.സി. നേരിട്ടും എത്രയെണ്ണം സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനും നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കെ.ടി.ഡി.സി. പുതിയ ആരാം മോട്ടലുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കെ.ടി.ഡി.സി. സംസ്ഥാനത്ത് ബിയർ പബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.-യുടെ കീഴിൽ സംസ്ഥാനത്ത് പന്ത്രണ്ട് ആരാം മോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു†. കെ.ടി.ഡി.സി. സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് ആരാം മോട്ടലുകൾ നൽകിയിട്ടില്ല.

(ബി) ഇല്ല.

(സി) കെ.ടി.ഡി.സി. സംസ്ഥാനത്ത് എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ ബിയർ പബുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly